## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3293 25/06/2012 - ൽ മറുപടിക്ക്

### മഞ്ചേശ്വരം മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യഗ്രാമം പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ; | (എ) മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ആദ്യത്തെ ഘട്ടം ഭവന നിർമ്മാണമാണ്. ഒരു മത്സ്യഗ്രാമത്തിൽ 284 ഭവനങ്ങൾ വീതം 11 മത്സ്യഗ്രാമങ്ങളിലായി 3124 ഭവനങ്ങളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഒന്നാമത്തെ ഗഡുവായി സർക്കാർ 50 കോടി അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ലകളിൽ അപേക്ഷകൾ ക്ഷണിച്ച്, പരിശോധനകൾ നടത്തി, ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി വരുന്നു. |
| (ബി) മഞ്ചേശ്വരം മണ്ഡലത്തിലെ മൂസോടി - അദീക്ക, മുട്ടം - ബങ്കര, ആരിക്കാടി കടവത്ത്, എന്നീ വില്ലേജുകൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ? | (ബി) കാസർഗോഡ് ജില്ലയിൽ അജാനൂർ മത്സ്യഗ്രാമത്തെയാണ് മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ നൽകിയ ഗ്രാന്റ് ഉപയോഗിച്ച് 11 മത്സ്യഗ്രാമങ്ങൾക്ക് തുക അനുവദിച്ചു നൽകി കഴിഞ്ഞു. അതിനാൽ ഈ വില്ലേജുകൾ, തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ